I/80545/2023

<u>സംയോജിത ശിശു സംരക്ഷണ പദ്ധതി (മിഷൻ വാത്സല്യ)</u>

<u>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: പ്രിയങ്ക ജി IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )

ഉത്തരവ് നം. DWCD/2828/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 08-02-2023

---

വിഷയം: വനിതാ ശിശു വികസന വകുപ്പ് - മിഷൻ വാത്സല്യ - ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് 2023 ജനുവരി, ഫെബ്രുവരി മാസം വരെയുള്ള വേതനം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : 1. 14 ജില്ലാ ശിശു സംരക്ഷണ ആഫീസർമാരുടെ കത്ത്

2. ഈ കാര്യാലയത്തിലെ 03.10.2022 ലെ ഇതേ നമ്പർ സർക്കുലർ

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഡിസംബർ മാസം വരെയുള്ള വേതനം അനുവദിച്ചിട്ടുണ്ട്. 2023 ഫെബ്രുവരി മാസം വരെയുള്ള വേതനത്തിനായി, അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം സഹിതം പരാമർശം (1) പ്രകാരം പ്രൊപോസൽ ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മിഷൻ വാത്സല്യ മാർഗ്ഗനിർദേശ പ്രകാരം വേതന ഇനത്തിൽ 2023 ജനുവരി, ഫെബ്രുവരി മാസം വരെ ആകെ 52,85,267/-രൂപ **(അൻപത്തി രണ്ട് ലക്ഷത്തി എൺപത്തിഅയ്യായിരത്തി ഇരുന്നൂറ്റി അറുപത്തി ഏഴ് രൂപ മാത്രം)** ചുവടെ പട്ടിക പ്രകാരം അനുവദിച്ചുത്തരവാകുന്നു.

| Sl.No | District | Amount |
|---|---|---|
| 1 | Thiruvananthapuram | 419836 |
| 2 | Kollam | 248468 |
| 3 | Pathanamthitta | 413617 |
| 4 | Alappuzha | 421032 |
| 5 | Kottayam | 419038 |
| 6 | Idukki | 284203 |
| 7 | Ernakulam | 377948 |
| 8 | Thrissur | 393228 |
| 9 | Palakkad | 365424 |
| 10 | Malappuram | 421032 |

I/80545/2023

| | | |
|---|---|---|
| 11 | Kozhikkode | 421032 |
| 12 | Wayanad | 421032 |
| 13 | Kannur | 231489 |
| 14 | Kasargod | 447888 |
| | Total | 52,85,267 |

ടി തുക 52,85,267/-രൂപ (**അൻപത്തി രണ്ട് ലക്ഷത്തി എൺപത്തിഅയ്യായിരത്തി ഇരുന്നൂറ്റി അറുപത്തി ഏഴ് രൂപ മാത്രം**) സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീമിന്റെ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank ന്റെ 0889104000111737 IFSC.Code.IBKL0000889 എന്ന അക്കൗണ്ടിലെ 1.27.1 DCPU സ്റ്റാഫ് സാലറി കംപോണന്റിൽ നിന്നും അതാത് ജില്ലകളിലെ ജില്ലാ വനിത ശിശു വികസന ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതും, വനിത ശിശു വികസന ഓഫീസർ തുക അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലെക്ക് അനുവദിക്കേണ്ടതുമാണ്.

കരാർ കാലാവധി അവസാനിച്ചശേഷം സേവനത്തിൽ തുടരുന്ന ജീവനക്കാർക്ക് അവർ ഹാജരായിരുന്ന ദിവസത്തെ വേതനം ദിവസവേതന അടിസ്ഥാനത്തിൽ മാത്രം അനുവദിച്ച നൽകേണ്ടതാണ്. ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ പരാമർശം (2) സർക്കുലർ പ്രകാരം മാത്രം തുക ജീവനക്കാർക്ക് അനുവദിച്ച നൽകേണ്ടതാണ്. കൂടാതെ തുക കൈപ്പറ്റ് രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർക്കും

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്കും
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 08-02-2023 20:00:37